# മഹാത്മാഗാന്ധി സർവ്വകലാശാല

നം. എഡി.എ1-1-43/2017 തീയതി പ്രിയദർശിനി ഹിൽസ്, 24.07.2018

## ആഫീസ് ഉത്തരവ്

വിഷയം: ജീവനക്കാര്യം: ഡിപ്പാർട്ട്മെൻറൽ പരീക്ഷ, ജൂലൈ 2018 - പരീക്ഷയ്ക്ക് ഹാജരാകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ നൽകിയ സമർപ്പണം
2. കേരള സർവ്വീസ് റൂൾസ് അദ്ധ്യായം 2, റൂൾ 12 (7), കുറിപ്പ് 2

--------

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരായ ജീവനക്കാർ പരാമർശം (1) പ്രകാരം 2018 ജൂലൈ മാസം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിനായി ഒരു മണിക്കൂർ വൈകി ഓഫീസിൽ റിപ്പോർട്ട് ചെയ്യുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ നിയമിതരാകുന്നവർ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് കേരള സെക്രട്ടേറിയറ്റ് മാനുവൽ ടെസ്റ്റും, പ്രമോഷൻ ലഭിക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സാകുകയും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിരിക്കണം.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് 25.07.2018, 26.07.2018, 30.07.2018, 31.07.2018 (അക്കൗണ്ട് ടെസ്റ്റ് - ലോവർ), 10.08.2018 (സെക്രട്ടേറിയറ്റ് മാനുവൽ ടെസ്റ്റ്) എന്നീ തീയതികളിൽ നടക്കുന്ന ഡിപ്പാർട്ട്മെൻറൽ പരീക്ഷയ്ക്ക് പങ്കെടുക്കുന്നവർക്ക് ടി പരീക്ഷാദിവസങ്ങളിൽ ഒരു മണിക്കൂർ വൈകി ഓഫീസിൽ റിപ്പോർട്ട് ചെയ്യുവാൻ അനുമതി നൽകി ജോയിന്റ് രജിസ്ട്രാർ I (ഭരണവിഭാഗം) ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:
1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ്-ചാൻസിലറുടെ/ പ്രോ വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷവിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. എ.ഡി.സി I/II/III/ ഫിനാൻസ് II/III/ഫിനാൻസ് കമ്പ്യൂട്ടർ സെൽ
8. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ